പതിന്നാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5346 31.10.2016-ൽ മറുപടിക്ക്

## കാസർഗോഡ് ജില്ലയിലെ ഡോക്ടർമാരുടെ ഒഴിവുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.കുഞ്ഞിരാമൻ | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിലെ ജില്ലാ, താലൂക്ക് ആശുപത്രികളിൽ സ്ഥിരനിയമനമില്ലാതെ വർഷങ്ങളായി ഒഴിഞ്ഞ് കിടക്കുന്ന ഡോക്ടർമാരുടെ തസ്തികകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) ഉണ്ട്. ഒഴിഞ്ഞു കിടക്കുന്ന. ഡോക്ടർമാരുടെ തസ്തികകൾ താഴെപ്പറയും പ്രകാരമാണ്.<br>**ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട്**<br>ചീഫ് കൺസൾട്ടന്റ്-റെസ്പിറേറ്ററി മെഡിസിൻ<br>മെഡിക്കൽ കൺസൾട്ടന്റ് - ജനറൽ മെഡിസിൻ<br>മെഡിക്കൽ കൺസൾട്ടന്റ് - അനസ്തേഷ്യ<br>മെഡിക്കൽ കൺസൾട്ടന്റ്- പീഡിയാട്രിക്സ്<br>ജൂനിയർ മെഡിക്കൽ കൺസൾട്ടന്റ്<br>ജൂനിയർ കൺസൾട്ടന്റ് - സൈക്യാട്രി<br>ജൂനിയർ കൺസൾട്ടന്റ് - സർജറി<br>ആർ.എം.ഒ, ജില്ലാ ആശുപത്രി<br>ഈ തസ്തികകളിൽ എല്ലാം തന്നെ അഡ്ഹോക്ക് വ്യവസ്ഥയിൽ |

| | | | |
|---|---|---|---|
| | | | ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. |
| (ബി) | ഇതിനുള്ള കാരണമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | പിന്നോക്ക ജില്ലയായ കാസർഗോഡിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കുന്നതിൽ മുൻതൂക്കം നൽകുന്നുണ്ട്. എന്നാൽ ഗ്രാമീണ/ദുർഘട ഗ്രാമീണ മേഖലകളിൽ ഡോക്ടർമാർ ജോലിയിൽ പ്രവേശിക്കുന്നതിന് വിമുഖത കാണിക്കുന്ന സാഹചര്യം നിലനിൽക്കുന്നുണ്ട്. |
| (സി) | വർഷങ്ങളായി ഒഴിഞ്ഞ് കിടക്കുന്ന തസ്തികകളിൽ ഡോക്ടർമാരെ ലഭ്യമാക്കുന്ന തരത്തിൽ നിലവിലുള്ള തസ്തികകൾ ജില്ലയ്ക്ക് നഷ്ടപ്പെടാത്ത തരത്തിൽ പുനക്രമീകരിക്കുന്ന വിഷയം പരിശോധിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | സ്പെഷ്യാലിറ്റി കേഡറിൽ ഒഴിവുള്ള തസ്തികകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ